ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. DB3/5068/2017/സിഇ/എൽ.എസ്.ജി.ഡി തീയതി: 19/03/2020

# നോട്ടീസ്

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – എഞ്ചിനീയറിംഗ് വിഭാഗം – 2019-2020 ലെ വാർഷിക പദ്ധതി പുരോഗതി അവലോകന യോഗം, കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ - സംബന്ധിച്ച്

*****

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെയും, പ്രിൻസിപ്പൽ സെക്രട്ടറിമാരുടെയും സാന്നിധ്യത്തിൽ **20/03/2019 ന് രാവിലെ 11.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ** ഈ സാമ്പത്തിക വർഷത്തെ പദ്ധതി പുരോഗതി അവലോകന യോഗം ചെയ്യുന്നതിനായി വിഡിയോ കോൺഫറൻസ് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു.

ടി യോഗത്തിൽ ദക്ഷിണ & ഉത്തര മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ, കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മുനിസിപ്പാലിറ്റിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ കൃത്യമായും പങ്കെടുത്തിരിക്കേണ്ടതാണ്. നടപ്പു സാമ്പത്തിക വർഷത്തിലെ പദ്ധതി ധനവിനിയോഗം, പദ്ധതികളുടെ പുരോഗതിയെ സംബന്ധിക്കുന്ന മറ്റു വിവരങ്ങൾ സഹിതം യോഗത്തിൽ ഹാജരാകേണ്ടതാണ്.

അതാത് ജില്ലയിൽ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, എന്നിവിടങ്ങളിലെ വിവരങ്ങൾ, അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ആണ് അവതരിപ്പിക്കേണ്ടത്.

(മറുപുറം)

ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള **പെർഫോമ P-1051, P-1057** എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളെ അടിസ്ഥാനമാക്കിയാണ് യോഗം നടത്തുന്നത്.

**ടി യോഗത്തിൽ പങ്കെടുക്കുന്നതിന് അതാത് ജില്ലാ കളക്ട്രേറ്റിലാണ് ഹാജരാകേണ്ടത്**. എറണാകുളം ജില്ലയിലെ കളക്ട്രേറ്റിൽ മാത്രം വീഡിയോ കോൺഫറൻസിംഗിനുള്ള സംവിധാനം സാങ്കേതിക തകരാറിലായതിനാൽ, ടി ജില്ലയിലെ മേൽ വിവരിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് സമീപ ജില്ലയിലെ കളക്ട്രേറ്റിൽ ഹാജരായി യോഗത്തിൽ പങ്കെടുക്കാവുന്നതാണ്.

**ചീഫ് എഞ്ചിനീയർ**

എൻ.പി/-